# മടവൂർ വിഭാഗം സലഫികളോ...?!

**ഭാഗം - 1**

## ഹദീഥ് നിഷേധം

അബ്ദുൽമാലിക് മൊറയൂർ

ഇസ്‌ലാമിക പ്രമാണങ്ങളെ നിഷേധിച്ചും പരിഹസിച്ചും തനിച്ച കുഫ്‌റിന്റെ വക്താക്കളായി ഊരുചുറ്റുന്ന ചേകനൂരീ മതക്കാരുടെ തനിനിറം വേണ്ടുവോളം ഗ്രഹിച്ചവരാണ് നമ്മൾ. ഹദീഥ് നിഷേധത്തിന്റെ പര്യവസാനം എത്രശോചനീയവും പരിഹാസ്യവുമായിരിക്കുമെന്നതിന് ചേകനൂരിസത്തിന്റെ തകർച്ച തന്നെ മികച്ച ഉദാഹരണമാണ്. മുജാഹിദ് പ്രസ്ഥാനത്തിൽ നിന്നും ആദർശവ്യതിയാനം സംഭവിച്ച് പുറത്തുപോവുകയും ഇപ്പോൾ ഭൂമിയിലും ആകാശത്തുമല്ലാതെ തുന്നംപാറി നടക്കുകയും ചെയ്യുന്ന മടവൂരികളും മൗദൂദിസാഹിബിനോടുള്ള അതിരുവിട്ട പിരിശത്താൽ ഹദീഥുകളോട് നിഷേധ സ്വഭാവം പ്രകടമാക്കാറുള്ള മൗദൂദികളും, തങ്ങളുടെ മദ്ഹബിന്റെ ഗ്രന്ഥങ്ങളിലെ വരികൾ മാത്രം വിഴുങ്ങാൻ നിർബന്ധിതരായ കാരണത്താൽ നിരവധി ഹദീഥുകളെ തള്ളുന്ന മതവാണിഭക്കാരായ സമസ്തക്കാരുമാണ് ചേകനൂരിസത്തിന്റെ പിൻഗാമികളായി കേരളത്തിൽ പ്രധാനമായും നാം കാണുന്നത്. ഇതിൽ മടവൂരികളിലെ ഹദീഥ് നിഷേധത്തെ കുറിച്ചാണ് ഇവിടെ ചർച്ച ചെയ്യുന്നത്.

മുജാഹിദ് പ്രസ്ഥാനത്തിനകത്ത് തങ്ങളുടെ ഇഖ്‌വാനിസവും ചേകനൂരിസവും വിലപ്പോവില്ലെന്ന് കണ്ടപ്പോൾ ചിലർ സംഘടനയിൽ നിന്ന് പുറത്തുപോയി തട്ടികൂട്ടിയെടുത്ത ഒരു കടലാസ് പ്രസ്ഥാനമാണ് മടവൂരിസം. മുജാഹിദുകളോടുള്ള വിരോധം മൂത്ത് അന്ധന്മാരായി മാറിയ അവർ പിന്നീട് പുറത്ത് വിട്ടത് ക്വുർആൻ ദുർവ്യാഖ്യാനങ്ങളുടെയും ഹദീഥു നിഷേധത്തിന്റെയും പരമ്പരകളായിരുന്നു. ഏറെ കാലമായി തങ്ങളുടെ തലമണ്ടയിൽ കാത്തുസൂക്ഷിച്ചിരുന്ന ചേകനൂരിസത്തിന്റെ വിഷവിത്തിറക്കാൻ ചില സുല്ലമിമാർക്ക് ഇതിലൂടെ പൂർണ സ്വാതന്ത്ര്യം കൈവന്നു. 'മഹാന്മാരായ മുഹദ്ദിഥുകളായി' അനുയായികൾ പരിചയപ്പെടുത്തുക കൂടി ചെയ്തതോടെ ഇത്തരം സുല്ലമിമാരുടെ തനിനിറം ഒന്നുകൂടി പുറത്തുവന്നു. പ്രപഞ്ചത്തോളം വലിയ ''ബുദ്ധി''യുടെ ഉടമകളായ അവർ ചില്ലറ ഹദീഥുകളെ നിഷേധിച്ചാണ് തുടങ്ങിയതെങ്കിലും ഇപ്പോഴത് വ്യക്തമായും സമ്പൂർണ്ണ ഹദീഥ് നിഷേധത്തിലേക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. ഇത് നാം പറയുമ്പോൾ വായനക്കാർക്ക് സ്വാഭാവികമായും ഒരു സംശയം ഉടലെടുത്തേക്കാം. തങ്ങൾ സലഫികളാണെന്നാണല്ലോ അവരും പറയുന്നത്. എന്നിരിക്കെ സലഫികളെന്ന് സ്വയം വാദിക്കുന്നവരെ ഹദീഥ് നിഷേധികളായി വിലയിരുത്തുമ്പോൾ സലഫികൾ ഹദീഥ് നിഷേധികളാണെന്ന് വരുന്നില്ലേ എന്നതാണ് അത്. സംശയം പ്രസക്തമാണ്. എന്നാൽ ഒന്നാമതായി നാം ഗ്രഹിക്കേണ്ടത് ഒരാൾ താൻ സലഫിയാണെന്ന് വാദിക്കുന്നത് കൊണ്ട് മാത്രം അയാൾ സലഫിയാവണമെന്നില്ല. അപ്രകാരം തന്നെയാണ് തങ്ങൾ സലഫികളാണെന്ന് വാദിക്കുന്ന ചില സംഘടനകളുടെ അവസ്ഥയും. ഉദാഹരണത്തിന് ഇഖ്‌വാനികളെതന്നെയെടുക്കാം. അവരുടെ വാദം തങ്ങൾ സലഫികളാണെന്നാണല്ലോ. പക്ഷേ അവരെയാരും സലഫികളായി അംഗീകരിക്കാറില്ല. അംഗീകരിക്കുന്നത് ശരിയുമല്ല. അപ്രകാരം സലഫികളാണെന്ന് കേവലം വാദിക്കുന്നതല്ലാതെ സലഫിയ്യത്ത് എന്താണെന്നോ, അതിന്റെ ആധാരശിലകളേതെന്നോ, സലഫികളുടെ ആദർശമെന്തെന്നോ വ്യക്തമായി അറിഞ്ഞിട്ടില്ലാത്ത ഒരു സംഘമാണ് മടവൂർ വിഭാഗത്തിലുള്ളത്. അൽപം കടന്ന പ്രയോഗമായി എന്ന് ചിലപ്പോൾ നിങ്ങൾക്ക് തോന്നിയേക്കാം. എന്നാൽ

സത്യമതാണെന്ന് കാര്യങ്ങൾ അവധാനതയോടെ ഗ്രഹിക്കാൻ മനസ്സുവെച്ചാൽ നിങ്ങൾക്കും ബോധ്യമാവും. തീർച്ച. അവർ എഴുതിപ്രസിദ്ധീകരിച്ച ചില വരികൾ ഇവിടെ നാം വിശകലനം ചെയ്യുന്നുണ്ട്. അവ ശ്രദ്ധാപൂർവ്വം ഗ്രഹിക്കുന്നവർക്കെല്ലാംതന്നെ മടവൂർ വിഭാഗക്കാർ മനസ്സിലാക്കിയ സലഫിയ്യത്ത് അന്ധന്മാർ ആനയെ അറിഞ്ഞതിനേക്കാൾ കഷ്ടമാണെന്ന് മനസ്സിലാവും.

സൂഫിസമെന്ന സന്യാസം ഇസ്ലാമിന് തീർത്തും അന്യമാണെന്നും സൂഫികളെന്ന സന്യാസികൾ ഇസ്ലാമിലേക്ക് കടത്തിക്കൂട്ടാൻ ശ്രമിച്ച തോന്നിവാസങ്ങൾ നിരവധിയുണ്ടെന്നും ഇസ്ലാമിന്റെ ബാലപാഠമറിയുന്നവർക്കെല്ലാം ഗ്രാഹ്യമുള്ളതാണ്. ശുദ്ധകുഫ്രിയ്യത്തായ വഹ്ദത്തുൽ വുജൂദും അതിന്റെ ഉപജ്ഞാതാവായ ഇബ്നു അറബിയുമെല്ലാം സലഫികൾക്ക് അടുപ്പിക്കാനാവാത്ത വസ്തുക്കളാണ്. എന്നാൽ സലഫിയ്യത്തെന്തെന്നറിയാത്ത മടവൂരികൾക്കാവട്ടെ സൂഫിസവും ഇബ്നു അറബിയും 'ഇൻസാനുൽ കാമിലുമെല്ലാം' ശ്രേഷ്ഠകരങ്ങളായ കാര്യവും. അവരുടെ മുൻ സംസ്ഥാന പ്രസിഡണ്ടിന്റെ വരികൾ കാണുക:

''മുസ്ലിം ലോകം കണ്ട പ്രതിഭാധനരിൽ പലരും സൂഫികളാണെന്നതും ഒരനിഷേധ്യ വസ്തുതയാണ്. ക്വുർആനിലും സുന്നത്തിലും അടിയുറച്ച ജീവിതം നയിച്ച അവർ ആത്മീയ ശാസ്ത്രത്തിന് ചില സംഭാവനകൾ അർപ്പിച്ചിട്ടുണ്ട്. പലരും വിശുദ്ധ വ്യക്തിത്വത്തിന്റെ ഉടമകളാണ്. വഹ്ദത്തുൽ വുജൂദിന്റെ ശക്തനായ വക്താവായ മുഹ്‌യുദ്ദീനിബ്നു അറബി സലഫി ദർശനത്തോടു സാമ്യത പുലർത്തുന്ന ളാഹിരി മദ്ഹബിന്റെ സമുന്നതനായ ന്യായാധിപനും കൂടിയാണ്. അബ്ദുൽ കരീം ജീലിയുടെ 'ഇൻസാനുൽ കാമിൽ' എന്ന ഗ്രന്ഥം സൂഫി അമിത വാദങ്ങൾ ഒഴിവാക്കിയാൽ അദ്ധ്യാത്മിക വിശുദ്ധിക്കുതകുന്ന ഒരുത്തമ കൃതിയാണ്. സൂഫി സിദ്ധാന്തങ്ങൾ സ്ഥാപിക്കുന്നതിൽ അദ്ദേഹം കാണിക്കുന്ന സാമർത്ഥ്യവും അവയെ ശരീഅത്തിന്റെ പരിധിയിൽ ഒതുക്കാൻ നടത്തുന്ന ശ്രമവും ആശ്ചര്യകരമാണ്... ഇസ്ലാംമത പ്രചാരണത്തിൽ സൂഫികൾ വഹിച്ച പങ്ക് നിസ്തുലമാണ്. പ്രത്യേകിച്ചും ആഫ്രിക്കയിലും ഇന്ത്യാ ഉപഭൂഖണ്ഡത്തിലും തുർക്കിസ്ഥാനിലും'' (മുസ്ലിം ചിന്താപ്രസ്ഥാനങ്ങൾ, മങ്കട അബ്ദുൽ അസീസ്. യുവത പ്രസിദ്ധീകരണം. പേ: 162)

നോക്കൂ! എത്രമാത്രം അപകടകരമാണീ വരികൾ. ക്വുർആനിലും സുന്നത്തിലും അടിയുറച്ച് ജീവിതം നയിച്ചവരായിരുന്നു സൂഫികൾ എന്ന് വിശ്വസിക്കുന്ന സഹോദരങ്ങളോട് ഒന്ന് ചോദിക്കട്ടെ, ക്വുർആനും സുന്നത്തും അനുസരിച്ച് ജീവിച്ച ഒരു സൂഫിയുടെ പേര് നിങ്ങൾക്ക് പറയാനാവുമോ? വഹ്ദത്തുൽ വുജൂദ് എന്ന കുഫ്റ് പ്രചരിപ്പിച്ച ഇബ്നു അറബി സലഫി ദർശനത്തോട് സമാനത പുലർത്തുന്ന ആളായിരുന്നുവെന്ന് നിങ്ങൾക്ക് തെളിയിക്കാനാവുമോ? അബ്ദുൽ കരീം ജിയലിയുടെ 'അൽ ഇൻസാനുൽ കാമിൽ' എന്ന ഗ്രന്ഥത്തിലെ ചില വാദങ്ങൾ ഒഴിവാക്കിയാൽ ആദ്ധ്യാത്മിക വിശുദ്ധിക്കുതകുന്ന ഒരുത്തമ കൃതിയാണെങ്കിൽ അതിലെ അമിതത്ത്വം ഒഴിവാക്കി ആഗ്രന്ഥം പ്രസിദ്ധീകരിക്കാൻ നിങ്ങൾ തയ്യാറാകുമോ? കാരണം അതിലെ തോന്നിവാസങ്ങൾ സൂഫിസത്തിനുള്ളിലെ കാര്യങ്ങൾ തന്നെയല്ലേ? ഇസ്ലാം മതപ്രചാരണത്തിൽ സൂഫികളെന്ന സന്യാസികൾ എന്ത് പങ്ക് വഹിച്ചു എന്നാണ് നിങ്ങൾ ഉദ്ദേശിക്കുന്നത്? സൂഫികൾ പ്രചരിപ്പിച്ചത് ഇസ്ലാമല്ല സൂഫിസമെന്ന സന്യാസമായിരുന്നുവെന്നതല്ലേ സത്യം? നോക്കൂ! ഇത്രയും അപകടകരമായ വാദങ്ങൾ എഴുതി പ്രചരിപ്പിക്കുന്ന ഇവരെങ്ങിനെയാണ് സലഫിയ്യത്ത് മനസ്സിലാക്കിയവരാണെന്ന് നാം പറയുക? സൂഫികളെ പുകഴ്ത്തുന്നവർ ഏതായാലും സലഫികളല്ല എന്ന് മാത്രമേ നമുക്ക് പറയാനുള്ളൂ. മാത്രവുമല്ല ളാഹിരികൾ സലഫികളോട് സാമ്യത പുലർത്തുന്നവരാണെന്ന ഒരു ഭീമാബദ്ധവും അദ്ദേഹം എഴുന്നള്ളിച്ചിട്ടുണ്ട്. ഇത് ഒരിടത്തല്ല. നിരവധി സ്ഥലങ്ങളിൽ ഇതേ ഗ്രന്ഥത്തിൽ തന്നെ കാണാവുന്നതാണ്. അവർ എഴുതുന്നു:

''ളാഹിരികൾ, വഹ്ഹാബികൾ, അഹ്ലുൽ ഹദീഥ്, അൻസ്വാറുസ്സുന്ന എന്നിങ്ങനെ പലപേരുകളിൽ സലഫികൾ അറിയപ്പെടാറുണ്ട്.'' (അതേ പുസ്തകം. പേജ്: 107)

കണ്ടല്ലോ! സലഫികൾ ളാഹിരികൾ എന്നും അറിയപ്പെടാറുണ്ടത്രെ! ഏത് സലഫികളാണാവോ അങ്ങിനെ അറിയപ്പെടാറുള്ളത്? സലഫിയ്യത്ത് മനസ്സിലാക്കിയ സലഫികളും ളാഹിരികളും തമ്മിൽ അജഗജാന്തരമുണ്ട്. ഖിയാസിനെ പരിപൂർണ്ണമായി നിഷേധിക്കുന്ന ളാഹിരികളെങ്ങിനെയാണ് സലഫികളാകുന്നതെന്ന് മടവൂർ വിഭാഗം വിശദീകരിക്കണം. വീണ്ടും എഴുതുന്നു.

''ഒരു വിഷയത്തിൽ ഖുർആനിലോ സുന്നത്തിലോ വ്യക്തമായ വിധിയില്ലെങ്കിൽ അതിൽ മതനിയമമില്ലെന്നും അക്കാര്യത്തിൽ വേണ്ടത് പ്രവർത്തിക്കാൻ മനുഷ്യർക്ക് സ്വാതന്ത്ര്യമുണ്ടെന്നുമാണ് ളാഹിരീ നിലപാട്. ഏതാണ്ട് ഇത് തന്നെയാണ് സലഫീ നിലപാടും'' (പേജ്: 108)

ഉഗ്രനായിട്ടുണ്ട്! ഒരു കാര്യത്തിൽ ഖുർആനിലോ ഹദീഥിലോ തെളിവുകളില്ലെങ്കിൽ തങ്ങൾക്ക് തോന്നിയത് പ്രവർത്തിക്കാം എന്നാണത്രെ സലഫീനിലപാട്! ഇതാണ് നാം ആദ്യം തന്നെ പറഞ്ഞത് - സലഫിയ്യത്ത് എന്താണെന്ന് മടവൂരികൾ പഠിച്ചിട്ടില്ല. അവരുടെ നേതാക്കളുടെ അവസ്ഥയിതാണെങ്കിൽ അനുയായികളുടെ കാര്യം പരിതാപകരമായിരിക്കും. ഖുർആനിലോ ഹദീഥിലോ തെളിവില്ലാത്ത വിഷയങ്ങളിൽ അതിൽ വല്ല ഇജ്മാഉം ഉണ്ടോ എന്ന് പരിശോധിക്കണം; അതുമല്ലെങ്കിൽ അതിനെ മറ്റൊന്നിനോട് ഖിയാസാക്കാൻ പറ്റുമോ എന്നാരായണം. അതാണ് സലഫി നിലപാട്. സച്ചരിതരായ മുൻഗാമികൾ ഇത്തരം പ്രശ്നങ്ങളിൽ എന്ത് നിലപാടെടുത്തു എന്നതും പരിശോധിക്കേണ്ടതാണ്. അല്ലെങ്കിലും ''മഹാബുദ്ധിജീവികളായ'' ഇവർക്കെന്ത് മുൻഗാമികൾ.?

പരിശുദ്ധ ഇസ്‌ലാമിലേക്ക് ജൂതന്മാർ തിരുകിക്കയറ്റാൻ നോക്കിയ അവരുടെ സൃഷ്ടിയാണല്ലോ ശിയാഇസം. ഇസ്‌ലാമിൽ നിന്ന് വ്യതിചലിച്ച സകല കക്ഷികളും ജൂത സൃഷ്ടിയായ ശിയാഇസത്തോട് ഒരു നിലക്കല്ലെങ്കിൽ മറ്റൊരു നിലക്ക് ബന്ധം പുലർത്തുന്നുണ്ട്. മതരാഷ്ട്രവാദക്കാരും, മതതീവ്രവാദികളും, മതവാണിഭക്കാരായ സമസ്തക്കാരും ശിയാഇസത്തിന്റെ തൊഴുത്തിൽ നിന്ന് പശിയടക്കുന്നവരാണ്. കൂട്ടത്തിലേക്കിതാ മടവൂർ വിഭാഗവും കടന്നു വന്നിരിക്കുന്നു. ഇറാനിൽ ഖുമൈനി എന്ന കടുത്ത ശീഇയുടെ നേതൃത്വത്തിൽ നടന്ന ശിയാ വിപ്ലവം അവർക്ക് പക്ഷെ, ഇസ്‌ലാമിക വിപ്ലവമാണ്. സലഫിയ്യത്തിന്റെ അടിസ്ഥാനങ്ങൾ തെല്ലെങ്കിലും തിരിഞ്ഞിട്ടുള്ള ഒരുത്തനും തന്നെ ഖുമൈനി നടത്തിയ അട്ടിമറിയെ പറ്റി ഇസ്‌ലാമിക വിപ്ലവം എന്നു പറയില്ല. മടവൂരികൾ എഴുതുന്നു:

''ഇമാം ഖുമൈനിയുടെ നേതൃത്വത്തിൽ ഇറാനിൽ നടന്ന ഇസ്‌ലാമിക വിപ്ലവം മുസ്‌ലിം ലോകത്തിന് നേരെ രചനാത്മക സമീപനമാണ് കൈകൊണ്ടിട്ടുള്ളത്.'' (മുസ്‌ലിം ചിന്താ പ്രസ്ഥാനങ്ങൾ പേ: 32)

അല്ലാഹുവിൽ അഭയം! ഖുമൈനി ഒരിക്കലും സലഫികളുടെ ഇമാം അല്ല. അയാൾ നടത്തിയ അട്ടിമറിക്ക് ഇസ്‌ലാമുമായി യാതൊരു ബന്ധവുമില്ല. മടവൂരികളുടെ ശിയാപ്രേമം അവസാനിക്കുന്നില്ല. വീണ്ടും എഴുതുന്നു:

''വിശ്വാസപരമായ വൈകല്യങ്ങളുണ്ടെങ്കിലും കർമ്മപരമായ വിഷയങ്ങളിൽ അഹ്‌ലുസ്സുന്നയുമായി വലിയ വ്യത്യാസം ഇഥ്നാ അശരിയ്യ വിഭാഗത്തിനില്ല. ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങൾ നിഷ്ഠയോടെ അവർ അനുഷ്ഠിക്കുന്നു'' (പേ. 32).

ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങൾ നിഷ്ഠയോടെ അനുഷ്ഠിക്കുന്നവരാണ് ഇറാനിലെ ശിയാക്കൾ എന്ന് തട്ടിവിടുന്ന മടവൂരികൾക്ക് ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിലെ ഒന്നാമത്തേതായ ശഹാദത്തിൽ തന്നെ അട്ടിമറിച്ച ഇവരെ കുറിച്ചാണ് ഇവർ ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളെ നിഷ്ഠയോടെ അനുഷ്ഠിക്കുന്നവരാണെന്ന് മടവൂരികൾ എഴുതി വിട്ടത്! ശഹാദത്തിന്റെ വിഷയത്തിൽ മാത്രമല്ല നമസ്കാരത്തിന്റെയും സക്കാത്തിന്റെയും നോമ്പിന്റെയും

ഹജ്ജിന്റെയും വിഷയത്തിലെല്ലാം തന്നെ ധാരാളം ഭിന്നതകൾ അഹ്ലുസ്സുന്നയുമായി ഇവർക്കുണ്ട്. വിശദമായി അറിയേണ്ടവർ അല്ലാമാ ഇഹ്സാൻ ഇലാഹിയുടെ 'അശ്ശീഅത്തു വസ്സുന്ന' എന്ന ഗ്രന്ഥം പരിശോധിക്കുക.

സലഫിയ്യത്തിന്റെ പൂർണ്ണ ശത്രുക്കളാണ് ഇഖ്വാനികളും സുറൂറികളും. ഇഖ്വാനിസത്തിന്റെ ആദർശങ്ങളോട് സാമ്യത പുലർത്തുന്ന ആദർശവക്താക്കളായ മടവൂർ വിഭാഗത്തിൽ നിന്ന് ഇഖ്വാനികളെ പുകഴ്ത്തുന്ന വരികൾ പുറത്ത് വന്നിട്ടുണ്ടെങ്കിൽ വലിയ ആശ്ചര്യമൊന്നും നമുക്കതിലില്ല. സലഫിയ്യത്ത് എന്തെന്നറിയാത്ത ഇവർ ഇഖ്വാനികളെ പുകഴ്ത്തി എഴുതുന്നത് കാണുക:

''ഇഖ്വാനിന്റെ ഏറ്റവും വലിയ നേട്ടം ഇസ്ലാമിക ചിന്തക്ക് മൗലികമായ സംഭാവനകൾ അർപ്പിച്ച വലിയൊരു പ്രതിഭാ സമൂഹത്തെ സൃഷ്ടിക്കാൻ കഴിഞ്ഞു എന്നതാണ്'' (അതേ പുസ്തകം: പേ: 221)

മുസ്ലിംകളിൽ തീവ്രവാദ ചിന്തകൾ വളർത്താൻ കഴിഞ്ഞു എന്നല്ലാതെ ഇസ്ലാമിക ചിന്തക്ക് എന്ത് മൗലികതയാണ് ഇഖ്വാനികളിലൂടെ ലഭിച്ചത്! സയ്യിദ് ഖുതുബും മുഹമ്മദ് ഖുതുബുമൊക്കെ എഴുതിവിട്ടിട്ടുള്ള വിഷം കലർന്ന വരികളാണ് ഇസ്ലാമിന് ഏറെ ദോഷം വരുത്തിയിട്ടുള്ളത് എന്നതാണ് സത്യം. സയ്യിദ് ഖുതുബിന്റെ ''ഫീ ളിലാലിൽ ഖുർആൻ'' വായിക്കുന്നവർക്ക് അദ്ദേഹത്തിന്റെ തീവ്രവാദ ആശയങ്ങളെ കണ്ടെത്താനാവും. ഇതൊന്നും തിരിയാതെ ഇഖ്വാനികളെ പുകഴ്ത്തിക്കൊണ്ടിരിക്കുന്ന കേരള ഇഖ്വാനികളായ മടവൂർ വിഭാഗത്തിന് സലഫിയ്യത്ത് തിരിഞ്ഞിട്ടില്ല എന്ന് നാം പറഞ്ഞത് വെറുതെയല്ല എന്ന് ബോധ്യമായി കാണും.

ഇഖ്വാനികളുടെ ഇന്ത്യൻ പതിപ്പായ ജമാഅത്തെ ഇസ്ലാമിയുടെ ഇസ്ലാമിക വിഷയങ്ങളിലെ അഴകൊഴമ്പൻ നയത്തെ സലഫികൾ ആദ്യകാലം മുതൽക്കു തന്നെ എതിർത്തുപോന്നിട്ടുണ്ട്. മതവിഷയങ്ങളിലെ കണിശതയില്ലായ്മയാണ് ജമാഅത്തിന്റെ മുഖമുദ്രതന്നെ. എന്നാൽ ഏറെ രസകരമായ സംഗതി ജമാഅത്തുകാരുടെ ഈ അഴകൊഴമ്പൻ നയത്തെ വിമർശിക്കുന്നതിനു പകരം അതിന്റെ പോരിശ പറഞ്ഞ് ജമാഅത്തുകാരെ ഉത്തേജിപ്പിക്കുകയാണ് മടവൂർ പക്ഷം ചെയ്തത്. അവർ എഴുതുന്നു:

''ജമാഅത്തെ ഇസ്ലാമിയുടെ ഇത:പര്യന്തമുള്ള പ്രവർത്തനങ്ങളിൽ ഇത്തരം പാളിച്ചകൾ കാണാമെങ്കിലും അതിന്റെ നയപരിപാടികളിൽ ദൃശ്യമാകാറുള്ള അയവുനയം (Flexibility) പ്രശംസനീയമാണ്. കാല-ദേശങ്ങൾക്കനുസരിച്ച് അവർ തങ്ങളുടെ സിദ്ധാന്തങ്ങളും തത്വങ്ങളും നയങ്ങളും മാറ്റാറുണ്ട്. അത് രചനാത്മകതയുടെ ലക്ഷണമാണ്. ''(മുസ്ലിം ചിന്താപ്രസ്ഥാനങ്ങൾ പേ: 234)

ഉഷാറായിട്ടുണ്ട്. ജമാഅത്തുകാരുടെ ഓന്തിനെപ്പോലെയുള്ള നിറം മാറ്റം പ്രശംസനീയവും രചനാത്മകവുമാണെന്ന് പറഞ്ഞ് ജമാഅത്തുകാരുടെ പുറത്തു തട്ടി പ്രോത്സാഹിപ്പിക്കുന്നവർ, സലഫീ ആദർശം ഞങ്ങൾ കേട്ടിട്ടു പോലുമില്ല എന്ന് ഉറക്കെപറയുകയല്ലേ ചെയ്യുന്നത്?!

ശിർക്കിനേയും അതിന്റെ ചിഹ്നങ്ങളെയും എതിർക്കുക എന്നതാണ് സലഫികൾക്ക് പ്രഥമമായും പ്രധാനമായും നിർവഹിക്കാനുള്ള ദൗത്യം. പ്രാവചകന്മാരുടെ ഉത്തരവാദിത്തവും അതായിരുന്നു. അതേസമയം സ്വയം സലഫികളെന്ന് അവകാശപ്പെടാറുള്ള മടവൂരികളാവട്ടെ ശവകുടീരങ്ങളെ പ്രോത്സാഹിപ്പിക്കുന്ന രീതിയിലാണ് കാര്യങ്ങൾ എഴുതിക്കൊണ്ടിരിക്കുന്നത്. അവർ എഴുതുന്നത് കാണുക:

‘‘ഇസ്‌ലാമിക സാമ്രാജ്യങ്ങളുടെ അധിപന്മാർ കൊട്ടാരങ്ങളുടെയും കുടീരങ്ങളുടെയും മഹാന്മാരായ നിർമാതാക്കളായിരുന്നു.... ശവകുടീരങ്ങൾ, മനുഷ്യജന്മത്തെ അനശ്വരമാക്കിത്തീർക്കാനുള്ള മനസ്സിൽ നിന്നാണ് ഉയിർകൊള്ളുന്നത്. അനശ്വരത പുൽകാനുള്ള ഈ അദമ്യമായ ആഗ്രഹം കലാപരമായ ഒരാവിഷ്കാരമായി മാറുകയും അത്ഭുത കുടീരങ്ങളുടെ നിർമ്മിതിക്ക് കാരണമായി വർത്തിക്കുകയും ചെയ്തു.... കുടീരമായാലും കൊട്ടാരമായാലും അതിനകവും പുറവും അലങ്കരിക്കാനും ഇസ്‌ലാമിക രാജ്യങ്ങളിലെ കലാകാരന്മാർ ശ്രദ്ധിച്ചിരുന്നു. ഇന്റീരിയർ ഡെക്കറേഷന് ഇസ്‌ലാം നൽകിയ സംഭാവന മഹത്തരമാണ്.’’ (കല, സാഹിത്യം, വിനോദം, ഇസ്‌ലാമിക സമീപനം, യുവത പേജ്: 28)

ഇത് വായിക്കുമ്പോൾ ഏതെങ്കിലും സമസ്തക്കാരുടെ വരികളാണെന്ന് തെറ്റിദ്ധരിക്കരുത്. സാക്ഷാൽ മടവൂരിസത്തിന്റെ നേതാക്കൻമാർ തന്നെയാണ് ഈ വരികളുടെ കർത്താക്കൾ. ഇവിടെ മടവൂരികൾ ചില കാര്യങ്ങൾ വിശദീകരിക്കാൻ ബാധ്യസ്ഥരാണ്. ഏത് ഇസ്‌ലാമിക സാമ്രാജ്യത്തിന്റെ ഭരണാധികാരികളാണ് ശവകുടീരങ്ങൾ നിർമ്മിച്ചത്? മുസ്‌ലിം നാമധാരികൾക്ക് എവിടെയെങ്കിലും ഭരണം കിട്ടിയിട്ട് അവരെന്തെങ്കിലും തോന്നിവാസങ്ങൾ അനുഷ്ഠിച്ചിട്ടുണ്ടെങ്കിൽ അതെല്ലാം ഇസ്‌ലാമിന്റെ എക്കൗണ്ടിലേക്ക് വരവുവെക്കുന്ന ഇസ്‌ലാമിന്റെ ശത്രുക്കളുടെ പണി നിങ്ങൾ ഏറ്റെടുത്തത് ഇസ്‌ലാമിനോടുള്ള കൂറുകൊണ്ടോ?! അതോ ഇസ്‌ലാം വിരുദ്ധരുടെ അച്ചാരം വാങ്ങിയിട്ടോ?! ശവകുടീരങ്ങൾ മനുഷ്യജീവിതത്തെ അനശ്വരമാക്കാനുള്ള ആഗ്രഹത്തിൽ  നിന്നാണുണ്ടാവുന്നതെന്ന് ഖുബൂരീ വാദം പ്രചരിപ്പിക്കുന്ന നിങ്ങൾക്ക് സലഫികളാണെന്ന് പറയാൻ എന്താണർഹത. ഇന്റീരിയർ ഡക്കറേഷന് ഇസ്‌ലാം നൽകിയ സംഭാവനകൾ എന്തൊക്കെ എന്ന് പ്രമാണങ്ങൾ ഉദ്ധരിച്ച് തെളിയിക്കാൻ ധൈര്യമുണ്ടോ? ഇമ്മാതിരി ആന മണ്ടത്തരങ്ങൾ എഴുന്നള്ളിക്കുന്ന ഇവരെങ്ങിനെയാണ് സലഫിയ്യത്ത് ഉൾക്കൊണ്ടവരാണെന്ന് നമുക്ക് പറയാനാവുക?

ഇന്ന് ലോകത്തിലെ സകല ദുർവൃത്തികൾക്കും പ്രചാരം നേടിക്കൊടുക്കുന്നതിൽ പ്രധാന പങ്കുവഹിച്ച സിനിമയെ സലഫികൾ ഒരിക്കലും അംഗീകരിക്കുന്നില്ല എന്ന് സലഫികളെ ദൂരെ നിന്ന് വീക്ഷിച്ചവർക്കു പോലും അറിയാം. പക്ഷെ മടവൂരികളാവട്ടെ സിനിമയെ ന്യായീകരിക്കുന്നവരും അതിന്റെ നിർമാതാക്കളും പ്രചാരകരുമായിത്തീർന്നിരിക്കുന്നു. സിനിമയെ കുറിച്ച് മടവൂർ വിഭാഗത്തിന്റെ വീക്ഷണമെന്താണെന്ന് അവർ വ്യക്തമാക്കുന്നത് കാണുക:

‘‘നന്മയും തിന്മയും കൂടിക്കലർന്ന ഒരു കലയാണ് സിനിമ. സിനിമയിൽ അവതരിപ്പിക്കുന്ന കഥയുടെ പ്രമേയം ധാർമ്മിക സദാചാരമൂല്യങ്ങൾക്ക് ഇണങ്ങിയതും അഭിനയം മതമൂല്യങ്ങളുടെ പരിധി ലംഘിക്കാത്തതുമായിരിക്കുമ്പോൾ അത് ഒരു ഉത്തമ കലാരൂപമായി ഗണിക്കപ്പെടുന്നു. ഉത്തമാദർശങ്ങൾ രസം പകർന്നു പഠിപ്പിക്കാനും സമൂഹത്തെ ബോധവത്കരിക്കാനും സിനിമ ഒരു നല്ല മാർഗ്ഗമാണ്.’’(കല, സാഹിത്യം... പേജ്: 34)

ഇസ്‌ലാം വിലക്കിയ അഭിനയം, സംഗീതം, വേഷം മാറൽ, പരിഹാസം, കളവ് പറഞ്ഞ് ചിരിക്കൽ, നഗ്നതാ പ്രദർശനം, തുടങ്ങി നിരവധി തോന്ന്യാസങ്ങൾ ഒഴിവാക്കാനാവാത്ത സിനിമയിൽ എന്ത് നന്മയാണ് മടവൂരികൾക്ക് കാണിക്കാനുള്ളത്. ഇസ്‌ലാം ഹറാമാക്കിയതിൽ നന്മയുണ്ടെന്ന് വാദിക്കുന്നവർ ഇസ്‌ലാമിന്റെ അലിഫ് പോലും പഠിക്കാത്തവരാണെന്ന് പറയാൻ സലഫികൾക്ക് രണ്ടാമതൊന്ന് ആലോചിക്കേണ്ടതില്ല.

ചുരുക്കത്തിൽ ഭൗതിക പ്രസ്ഥാനങ്ങളും സാംസ്കാരിക സംഘങ്ങൾ എന്ന് പറയപ്പെടുന്നവരും നടത്തുന്ന സിനിമ, നാടകം, സംഗീതം, അഭിനയം തുടങ്ങി സകല തോന്ന്യാസങ്ങൾക്കും ഇസ്‌ലാമിന്റെ കുപ്പായം തുന്നിക്കൊടുക്കുന്നവരായി മടവൂരികൾ അധഃപതിച്ചിരിക്കുന്നു. തങ്ങളുടെ സഹയാത്രികരായ മൗദൂദികൾ സിനിമയും ഫിലിംഫെസ്റ്റിവലുകളുമായി ‘‘മുന്നേറു’’മ്പോൾ ‘‘നവോത്ഥാന’’നായകരായ നമുക്കെങ്ങനെ അന്തിച്ചു നിൽക്കാനാവും

എന്നാണ് മടവൂരി ''ബുദ്ധിജീവികളുടെ'' ഗവേഷണം. അവർക്കൊപ്പമെത്താൻ നമുക്കും വേണം സിനിമ. അതിന് ഹദീഥുകളെ പരിഹസിച്ചാലും ഇസ്‌ലാമിക ചിഹ്നങ്ങളെ ചവിട്ടിതേച്ചാലും പ്രശ്നമല്ല. ആരെങ്കിലും ഇതൊക്കെ തെറ്റാണെന്ന് പറഞ്ഞ് ചൂണ്ടിക്കാണിച്ചാൽ അവരെയൊക്കെ കാലം തിരിയാത്ത നവയാഥാസ്ഥികത്വത്തിന്റെ പിണിയാളുകളായി മുദ്രകുത്താനും അവർ ധൃഷ്ടരാവും. ഇപ്പറഞ്ഞതിൽ നിന്നെല്ലാം തന്നെ മടവൂരികൾ കണ്ട സലഫിയ്യത്ത് ആനയെ അറിയാൻ പോയ അന്ധൻമാരുടെ കഥ പോലെയാണെന്ന് ശരിക്കും ബോധ്യമായല്ലോ. അത്കൊണ്ടുതന്നെ മടവൂരികളിൽ ഹദീഥ് നിഷേധമുണ്ട് എന്ന് നാം തെളിയിക്കുമ്പോൾ സലഫികൾ ഹദീഥ് നിഷേധികളാണെന്ന് തെറ്റിദ്ധരിച്ച് പോവരുത്. സലഫികളെ നവയാഥാസ്ഥിതികരാക്കാൻ പെടാപാട് പെടുന്നതിനിടയിൽ തങ്ങൾ ചേകനൂരിസത്തിന്റെ പടിവാതിൽക്കൽ എത്തിയത് മടവൂരികൾ അറിയുന്നില്ല. ഹദീഥ് നിഷേധം പുകമറയാണോ അതല്ല പച്ചയായ യാഥാർത്ഥ്യമാണോ എന്നൊക്കെ കാര്യങ്ങൾ നിഷ്പക്ഷമായി വിലയിരുത്തുമ്പോൾ നമുക്ക് വ്യക്തമാവും.